ഭരണഭാഷ-മാതൃഭാഷ

നമ്പർ.400999/GGGR07/GENERAL/2024/4289/(1)

തിരുനെല്ലി ഗ്രാമ പഞ്ചായത്ത് ആഫീസ്

തൃശ്ശിലേരി

കാർട്ടിക്കുളം.പി.ഓ

വയനാട്

Phone No:04935250453

തിയതി : 24/07/2024

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

ഇന്റേണൽ വിജിലൻസ് ഓഫീസർ

തദ്ദേശസ്വയംഭരണ വകുപ്പ്, വയനാട്

സർ,

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ്- തിരുനെല്ലി ഗ്രാമപഞ്ചായത്ത്-കെട്ടിട നമ്പർ അനുവദിച്ചില്ല എന്നത് സംബന്ധിച്ച് ശ്രീ.തോമസ് ടി.എം.എന്നവരുടെ പരാതി -സംബന്ധിച്ച്

തിരുനെല്ലി ഗ്രാമപഞ്ചായത്തിൽ വാർഡ് 9 ൽ തൃശ്ശിലേരി വില്ലേജിൽ സർവ്വേ നം 454/360 ൽപ്പെട്ട ശ്രീ.തോമസ് ടി.എം.,താഴത്തുമുറ്റയിൽ, ചേലൂർ ,കാട്ടിക്കുളം പി.ഓ. എന്നവരുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് താമസാവശ്യത്തിനുള്ള 317.22 ച.മീ വിസ്തൃതിയുള്ള കെട്ടിടം പണിയുന്നതിന് 21/12/2021 തിയതിയിലെ എസ്.സി1/5342/2021 പ്രകാരം റഗുലറൈസ്ഡ് പെർമിറ്റ് അനുവദിച്ചിരുന്നു.പെർമിറ്റ് പ്രകാരം ബേസ്മെന്റ് ,ഗ്രൗണ്ട് ഫ്ലോർ,ഫസ്റ്റ് ഫ്ലോർ എന്നിവ ഉൾപ്പടെ 317.22 ച.മീ താമസാവശ്യത്തിനുള്ള കെട്ടിടം പണിയുന്നതിനാണ് അനുമതി നൽകിയിരുന്നത്. 22/06/2022 ന് പണിപൂർത്തീകരിച്ച് ഒക്യുപെൻസി അനുവദിക്കുന്നതിന് പ്ലാൻ സഹിതം അപേക്ഷ എസ്.സി 1/3126/22 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. അപേക്ഷയുടെ അടിസ്ഥാനത്തിൽ സ്ഥല പരിശോധന നടത്തിയതിൽ പെർമിറ്റ് അനുവദിച്ച പ്രകാരമല്ല കംപ്ലീഷൻ പ്ലാൻ തയ്യാറാക്കിയിരിക്കുന്നതെന്ന് കാണാൻ കഴിഞ്ഞു.സ്ഥല പരിശോധനയിൽ ടി.പി. 9/281 A നമ്പറായി ശ്രീമതി. മേരി ടി.എം. എന്നവരുടെ ഉടമസ്ഥതയിലുള്ള വീടിനു മുകളിൽ വിപുലീകരണം നടത്തി 212.50ച.മീ വിസ്തൃതിയുള്ള താമസാവശ്യത്തിനുള്ള കെട്ടിടം ശ്രീ.ടി.എം. തോമസ്സ് എന്നവർ പണികഴിപ്പിച്ചതായി കാണാൻ കഴിഞ്ഞു. ശ്രീമതി. മേരിടി.എം. എന്നവർ മേൽ കെട്ടിടം ശ്രീ തോമസ്സിനു കൈമാറി നൽകിയതിന്റെ രേഖകളൊന്നും തന്നെ അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടില്ല.ശ്രീമതി മേരി ടി.എം എന്നവർ തന്റെ ഉടമസ്ഥതയിലുള്ള 9/281A വീട് കാലശേഷം മകനായ ശ്രീ.തോമസ്സ് ടി.എം. എന്നവർക്ക് നൽകുന്നതാണെന്നും തന്റെ വീടിനോട് ചേർന്ന് പരാതിക്കാരൻ നിർമ്മിച്ച കെട്ടിടത്തിന് നമ്പർ അനുവദിക്കണമെന്നും കാണിച്ച് ഒരു സമ്മതപത്രം അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടുണ്ട്.

സ്ഥലപരിശോധന നടത്തിയ അസി.എഞ്ചിനീയറുടെ07/07/2022 ലെ റിപ്പോർട്ട് പ്രകാരം അറിയിച്ച താഴെപറയുന്ന അപാകതകൾ പരിഹരിക്കുന്നതിന് 15/07/2022 ന് പരാതിക്കാരന് കത്ത് നൽകിയിരുന്നു.

1.കെ.പി.ബി.ആർ ചട്ടം 22 പട്ടിക നമ്പർ 2 പ്രകാരം വൈദ്യുതി ലൈനിൽ നിന്നും പാലിക്കേണ്ട മിനിമം അകലം നിർമ്മിതി പാലിക്കുന്നില്ല.

2.നിലവിലുള്ള സെല്ലർ ഫ്ലോർ പ്ലാനിൽ കാണിച്ചിട്ടില്ല.

3.നിലവിൽ ഫസ്റ്റ് ഫ്ലോർ പണി തുടങ്ങിയിട്ടില്ല.ആയത് ദുരന്ത നിവാരണ അതോറിറ്റി ഓർഡർ നം:DCWYD/10924/2018-DEOC1 തിയതി:28.08.2018 പ്രകാരം കെട്ടിടത്തിന്റെ ഉയരം 8 മീറ്ററിൽ നിജപ്പെടുത്തേണ്ടതുന്നതിന് അപേക്ഷകന് നിർദ്ദേശം നൽകേണ്ടതാണ്.

അപാകത പരിഹരിക്കുന്നതിന് നല്കിയ കത്തിന് 20/07/2022 ന് അപേക്ഷകൻ തന്ന മറുപടിയിൽ ലൈൻമാറ്റി സ്ഥാപിക്കുന്നതിന് കെ.എസ്.ഇ ബി. ബോർഡുമായി ബന്ധപ്പെട്ടപ്പോൾ വീടിനോട് ചേർന്ന ഭാഗം ന്യൂട്രലായതിനാൽ വീടിന് ഭീഷണിയില്ലെന്നറിയിച്ചെന്നും സെല്ലാർ ഫ്ലോർ പരാതിക്കാരന്റെ അമ്മയുടെ പേരിൽ ഇ.എം.എസ് ഭവനപദ്ധതി പ്രകാരം ലഭിച്ച വീടാണെന്നും അമ്മയുടെ പേരിലുള്ള കെട്ടിടത്തിന്റെ ഭാഗം(സെല്ലാറ് ഫ്ലോർ) പ്ലാനിൽ കാണിക്കുന്നതിന് തടസ്സങ്ങളുണ്ടെന്നും കാണിച്ചാണ് മറുപടി നൽകിയിട്ടുള്ളത്.തുടർന്ന് 15/12/2023 ന് കെട്ടിടത്തിന്റെ നിലവിലെ സ്ഥിതി റിപ്പോർട്ട് ചെയ്യാൻ അസി.എഞ്ചിനീയർക്ക് ഫയൽ കൈമാറിയതിൽ 07/07/2022 ലെ റിപ്പോർട്ടിലെ അപാകതകൾ പരിഹരിച്ചിട്ടില്ല എന്ന് അസി .എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.ആയതു പ്രകാരം അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കാത്തിതനാൽ കെട്ടിനമ്പർ അപേക്ഷ നിരസിക്കുകയും കൂടുതൽ പരാതികൾ ഉള്ള പക്ഷം സ്ഥിരംഅദാലത്തിൽ പരാതി സമർപ്പിക്കാൻ അറിയിച്ച കൊണ്ട് 29/12/2023 ന് അപേക്ഷകന് കത്ത് നൽകി. ഫയൽ തീർപ്പാക്കുന്നതിന് പരാതിക്കാരന്റെ ഉടമസ്ഥതയിലുള്ള സ്ഥലം പട്ടയഭൂമിയാണ് പ്രസ്തുത സ്ഥലത്ത് വാണിജ്യആവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കാൻ അനുമതി നൽകാൻ സാധ്യമല്ല.പെർമിറ്റ് അനുവദിച്ച പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ പടിഞ്ഞാറ് ഭാഗത്ത് ഒരു ബെഡ്റൂമും റോളിംഗ് ഷട്ടറോടു കൂടിയ സ്റ്റോർ റൂമും ഉള്ളതായിട്ടാണ് കാണിച്ചിട്ടുള്ളത്.എന്നാൽ കംപ്ലീഷൻ പ്ലാൻ പ്രകാരം പടിഞ്ഞാറ് ഭാഗത്ത് ഓപ്പൺ സ്പേയിസോടു കൂടിയ 2 സ്റ്റോർ റൂമുകളായിട്ടാണ് പ്ലാൻ തയ്യാറാക്കിയരിക്കുന്നത്. 24/07/2024 ന് അസി.എഞ്ചിനിയറുടെ പ്രതിനിധിയോടൊപ്പം നടത്തിയ സ്ഥല പരിശോധനയിൽ പടിഞ്ഞാറ് ഭാഗത്ത് വാണിജ്യ ആവശ്യത്തിനുള്ള രീതിയിൽ 2 മുറികൾ നിർമ്മിച്ചിരിക്കുന്നതായും 'മാതാവിന്റെ ഉടമസ്ഥതയിലുള്ള 9/281A കെട്ടിടത്തിന് മുകളിലായി പരാതിക്കാരൻ നിർമ്മാണം നടത്തിയിരിക്കുന്നതെന്നും ബോധ്യപ്പെട്ടു.നിലവിൽ പ്ലോട്ടിലൂടെ കടന്നു പോകുന്ന ഇലക്ട്രിക്ക് ലൈൻ മാറ്റി സ്ഥാപിച്ചിട്ടുണ്ട്.അസി.എഞ്ചിനീയർ അറിയിച്ച അപാകതകൾ പരിഹരിക്കുകയും സ്ഥലത്തിന്റെ ഉടമസ്ഥവകാശം സംബന്ധിച്ച രേഖകൾ ഹാജരാക്കുകയും ചെയ്യുന്ന മുറയ്ക്ക് കെട്ടിട നമ്പർ അനുവദിക്കുന്നതാണ്.

വിശ്വസ്തതയോടെ,

വി. ഒസ്മാൻ
സെക്രട്ടറി
തിരുനെല്ലി ഗ്രാമപഞ്ചായത്ത്
ഫോൺ: 9446835514